

PH 38



# റബ്ബർകൃഷി വികസന പദ്ധതിയും ശാസ്ത്രീയ റബ്ബർകൃഷിയും



# റബ്ബർകൃഷി വികസന പദ്ധതിയും ശാസ്ത്രീയ റബ്ബർകൃഷിയും

കഴിഞ്ഞ കാൽനൂററാണ്ടുകാലത്ത് റബ്ബർതോട്ടവ്യവസായ മേഖലയിൽ മികച്ച പുരോഗതി കൈവരിക്കാൻ നമുക്കു കഴിഞ്ഞുവെങ്കിലും റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങളുടെ പെരുപ്പം നിമിത്തം റബ്ബറിനുള്ള ആവശ്യം അനുദിനം വർദ്ധിച്ചുവരികയാണ്. റബ്ബർകൃഷി കൂടുതൽ സ്ഥലത്തേക്കു വ്യാപിപ്പിക്കുകയും, ലാഭകരമല്ലാത്ത പഴയ റബ്ബർതോട്ടങ്ങളിലെ മരങ്ങൾ മുറിച്ചുമാററി അത്യുത്പാദനശേഷിയുള്ള ഇനങ്ങൾ ഉപയോഗിച്ച് ആവർത്തനകൃഷിയേർപ്പെടുത്തുകയും ചെയ്യെങ്കിൽ മാത്രമേ വരും കൊല്ലങ്ങളിൽ റബ്ബറിനുണ്ടാകുന്ന വർദ്ധിച്ച ആവശ്യം നേരിടാൻ നമുക്കു കഴിയൂ. ഈ സംരംഭത്തിൽ കർഷകരെ സഹായിക്കുന്നതിനായി റബ്ബർ പുതുകൃഷിക്കും ആവർത്തനകൃഷിക്കും ഉദാരമായ വ്യവസ്ഥയിൽ സൗജന്യ ധനസഹായവും വായ്പയും നൽകുന്നതിന് സമഗ്രമായ ഒരു വികസന പദ്ധതി 1980–81 മുതൽ റബ്ബർബോർഡ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.



ഈ പദ്ധതിയുടെ സവിശേഷതകളാണ് ഈ ലഘുലേഖയിൽ വിവരിക്കുന്നത്.

റബർ തൈകൾ വർദ്ധിച്ച ഉത്പാദനക്ഷമത കൈവരിക്കണമെങ്കിൽ ആദ്യകാലം മുതൽ തന്നെ അവയെ ശ്രദ്ധാപൂർവ്വം സംരക്ഷിച്ചു വളർത്തേണ്ടതാവശ്യമാണ്. ശാസ്ത്രീയകൃഷിരീതികൾ കർഷകരെ അഭ്യസിപ്പിക്കുന്നതിനും അവ നടപ്പിലാക്കാൻ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും സമഗ്രമായ സംവിധാനമാണ് റബർബോർഡിനുള്ളത്.

## റബർകൃഷി വികസനപദ്ധതി

റബർ ബോർഡിന്റെ പുതിയ റബർകൃഷി വികസന പദ്ധതിയനുസരിച്ച് ഇനിമുതൽ റബർ പുതുകൃഷിക്കും ആവർത്തനകൃഷിക്കും ഒരേ നിരക്കിൽ സൗജന്യ ധനസഹായവും വായ്പയും ലഭിക്കുന്നതാണ്.

ചെറുകിട കർഷകർക്കും വൻകിട തോട്ടക്കാർക്കും ഈ പദ്ധതിയനുസരിച്ച് ധനസഹായം ലഭിക്കും. എന്നാൽ വിവിധ വിഭാഗങ്ങൾക്ക് വ്യത്യസ്ത നിരക്കുകളിലാണ് സൗജന്യങ്ങൾ അനുവദിക്കുക. ഓരോ ഒരു



വർഷം കൃഷി ചെയ്യേണ്ട ഏററവും കുറഞ്ഞ വിസ്തീർണ്ണം, പുതുകൃഷിക്ക് 0.20 ഹെക്ടറും [50 സെൻറ്] ആവർത്തനകൃഷിക്ക് 0.10 ഹെക്ടറും [ 25 സെൻറ് ] പുതുകൃഷിയും ആവർത്തനകൃഷിയും ചേർന്നതിന് 0.20 ഹെക്ടറും ആണ്.

ഇപ്പോഴുള്ളതും പുതിയതായി കൃഷി ചെയ്യുന്നതുമടക്കം 20 ഹെക്ടറിൽ കവിയാതെ റബർ കൃഷിയുള്ള ചെറുകിട കർഷകർക്ക് ഹെക്ടറൊന്നിന് 5000 രൂപ നിരക്കിലും, 20 ഹെക്ടറിൽ കവിഞ്ഞ് കൃഷിയുള്ള വൻകിട തോട്ടക്കാർക്ക് ഹെക്ടറൊന്നിന് 3000 ക. നിരക്കിലുമാണ് പുതുകൃഷിക്കും, ആവർത്തനകൃഷിക്കും റബർബോർഡ് നൽകുന്ന സൗജന്യ ധനസഹായം. ഏഴു വാർഷിക തവണകളിലായി നൽകുന്ന ഈ സഹായം പുതിയ സംരംഭകർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

## സഹായധന തവണകൾ

| | | 20 ഹെക്ടർ വരെ (രൂപ) | 20 ഹെക്ടറിനുമേൽ (രൂപ) |
|---|---|---|---|
| ഒന്നാം | വർഷം | 1500.00 | 1000.00 |
| രണ്ടാം | ,, | 1000.00 | 500.00 |
| മൂന്നാം | ,, | 500.00 | 300.00 |
| നാലാം | ,, | 500.00 | 300.00 |
| അഞ്ചാം | ,, | 500.00 | 300.00 |
| ആറാം | ,, | 500.00 | 300.00 |
| ഏഴാം | ,, | 500.00 | 300.00 |
| ആകെ | | 5000.00 | 3000.00 |

## ബാങ്കുകൾവഴി മൂലധന വായ്പ

പുതുകൃഷിക്കും ആവർത്തനകൃഷിക്കും റബർ ബോർഡിൽനിന്നു് സൗജന്യ സഹായധനം നൽകുന്നതോടൊപ്പംതന്നെ കൃഷി പ്രവൃത്തികൾ തൃപ്തികരമായി നിർവ്വഹിക്കുന്നതിനു പര്യാപ്തമായ വിധം ബാങ്കുകൾ വഴി കാർഷിക പുനർവായ്പാ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായ പരിപാടിയനുസരിച്ചുള്ള ദീർഘകാല വായ്പകൾ, അവ ആവശ്യമുള്ള കർഷകർക്കു്, നല്കുന്നതിനും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. റബർബോർഡിൽനിന്നു ലഭിക്കാവുന്ന സൗജന്യ സഹായധനമുൾപ്പെടെ ബാങ്കുകളിൽനിന്നു് ഹെക്ടറൊന്നിനു് പുതുകൃഷിക്കും, ആവർത്തനകൃഷിക്കും പരമാവധി 15000 രൂപ താഴെ പറയും വിധം ഏഴു വാർഷിക തവണകളായി ലഭിക്കുന്നതാണു്.

| | | |
|---|---|---|
| ഒന്നാം വർഷം | — | 5000 രൂപ |
| രണ്ടാം ,, | — | 2000 ,, |
| മൂന്നാം ,, | — | 2000 ,, |
| നാലാം ,, | — | 2000 ,, |
| അഞ്ചാം ,, | — | 1500 ,, |
| ആറാം ,, | — | 1300 ,, |
| ഏഴാം ,, | — | 1200 ,, |
| ആകെ | | 15000 രൂപ |

## സൗജന്യ
## സഹായധനത്തിനു പുറമെ വായ്പയും

ബാങ്കുവായ്പ എടുക്കുന്നപക്ഷം ബോർഡിൽനിന്നും അനുവദിക്കുന്ന സൗജന്യ സഹായധനം ഓരോ വർഷാവസാനത്തിലും അതാ

ത്തു കർഷകരുടെ പേരിൽ അതാതു ബാങ്കിലേക്കടച്ച് വായ്പകളിൽ വകകൊള്ളിച്ച് അത്രയും തുക വായ്പയിൽ ഇളവു ചെയ്യുന്നതാണ്.

കർഷകർ ബാങ്കുകളിൽനിന്ന് ഈ പദ്ധതിയനുസരിച്ച് എടുക്കുന്ന വായ്പയുടെ പലിശയിൽ 3 ശതമാനം റബർ ബോർഡു വഹിക്കും. എന്നാൽ 20 ഹെക്ടറിൽ കൂടുതൽ റബർ കൃഷിയുള്ള വൻകിട കർഷകർക്ക് ആവർത്തനകൃഷിക്ക് പലിശയിലുള്ള സബ്സിഡി അനുവദിക്കുന്നതല്ല.

ഈ ദീർഘകാലവായ്പയുടെ പലിശ റബർ നട്ടുകഴിഞ്ഞ് എട്ടാം വർഷംമുതൽ ഏഴു വാർഷിക തവണകളായും വായ്പത്തുക റബർ നട്ട് പത്താംവർഷം മുതൽ അഞ്ചു വാർഷിക തവണകളായും തിരിച്ചടച്ചാൽ മതി. അതായത് കൃഷിചെയ്ത തോട്ടത്തിൽ വിളവെടുപ്പാരംഭിച്ചു കഴിഞ്ഞശേഷമേ പലിശയും മുതലും തിരിച്ചടക്കേണ്ടതുള്ളു.

ബോർഡിന്റെ സഹായധന പദ്ധതിയോട് അനുബന്ധിച്ചുള്ള വായ്പാപദ്ധതിയിൽ എല്ലാ ദേശവത്കൃത ബാങ്കുകളും പങ്കെടുക്കുന്നതാണ്.

## നിബന്ധനകൾ

സഹായധനം അനുവദിക്കുന്നതിന് കർഷകർ പാലിക്കേണ്ട പ്രധാന നിബന്ധനകൾ താഴെ പറയുന്നു.

1. ബോർഡ് അംഗീകരിച്ച ഉത്പാദനശേഷി കൂടിയ നടീൽ വസ്തുക്കൾ മാത്രം ഉപയോഗിച്ചേ കൃഷി ചെയ്യാവൂ.

2. ചരിവുള്ള സ്ഥലങ്ങളിൽ മണ്ണൊലിപ്പു തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

3. ആദ്യത്തെ മൂന്നു വർഷം വരെ മാത്രമേ റബർ തോട്ടത്തിൽ ഇടകൃഷികൾ ചെയ്യാവൂ.

4. ആദ്യത്തെ 3 വർഷത്തിനുള്ളിൽ തൈകൾക്കിടയിൽ തോട്ടപ്പയർ നട്ടുപിടിപ്പിച്ചിരിക്കണം.

5. റബറിന് പുറമെ ഒരു ഹെക്ടറിൽ 20 മറ്റുവൃക്ഷങ്ങളോ, 40 തെങ്ങോ അല്ലെങ്കിൽ 80 കമുകോ മാത്രമേ നിർത്താവൂ. മേൽപറ

ഞ്ഞവയുടെ 50 ശതമാനം കൂടുതൽ വൃക്ഷങ്ങൾ കൂടി പരമാവധി നിർത്താവുന്നതാണ്. പക്ഷേ, അങ്ങനെ വന്നാൽ ധനസഹായത്തുക ആനുപാതികമായി കുറവു ചെയ്യുന്നതാണ്.

6. റബർതൈകളുടെ ചുവട്ടിൽനിന്നും ഒരു മീറ്റർ അകലെ നില്ക്കുന്ന തേയില, കാപ്പി, കുരുമുളക് എന്നിവ തുടർന്നും നിർത്താം.

7. റബർ നിരകൾ തമ്മിൽ 7.3 മീറ്ററിൽ കൂടുതൽ ഇടയകലമുണ്ടെങ്കിൽ മദ്ധ്യനിരയിൽ ഒരുവരി കൊക്കോ കൂടി കൃഷിചെയ്യാം.

## ചെറുകിടക്കാർക്ക് അധികാനുകൂല്യങ്ങൾ

പുതിയതായി കൃഷി ചെയ്യുന്ന സ്ഥലമുൾപ്പെടെ ആറ് ഹെക്ടറിൽ (15 ഏക്കർ) കവിയാതെ റബർ കൃഷിയുള്ള ചെറുകിടക്കാർക്ക് സൗജന്യ സഹായധനത്തിനും വായ്പയ്ക്കും പുറമെ താഴെപറയുന്ന അധികാനുകൂല്യങ്ങൾക്കുകൂടി അർഹതയുണ്ട്.

- റബർ ബോർഡ് ക്ലിപ്തപ്പെടുത്തിയിട്ടുള്ള നിരക്കുകളിൽ കൃഷിക്കുപയോഗിച്ച നടീൽവസ്തുക്കളുടെ വില മുഴുവനും തിരിച്ചു കൊടുക്കും.

- റബർ തൈകൾ വിളവെടുക്കാറാകുന്ന ഘട്ടം വരെ പ്രയോഗിക്കേണ്ട നിർദ്ദിഷ്ടവളത്തിന്റെ പകുതി വില തിരിച്ചു നൽകും.

- മണ്ണുസംരക്ഷണത്തിനായി തോട്ടത്തിൽ ഇടക്കയ്യാലകളോ നിരപ്പുതട്ടുകളോ എടുക്കുന്നതിനാണെങ്കിൽ ഹെക്ടറൊന്നിന് പരമാവധി 150 രൂപ വരെ സൗജന്യ ധനസഹായം ലഭിക്കും.
റബർ ബോർഡിന്റെ സാങ്കേതികോപദേശം ചെറുകിട കൃഷിക്കാർക്കും വൻകിട കൃഷിക്കാർക്കും എപ്പോഴും സൗജന്യമായി ലഭിക്കുന്നതാണ്.

## അപേക്ഷകൾ

കോട്ടയത്തുള്ള റബർ പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റിന്റെ കേന്ദ്ര ആഫീസിൽ നിന്നോ, വിവിധ പ്രദേശങ്ങളിലുള്ള റബർ

ബോർഡ് റീജിയണൽ ആഫീസുകളിൽനിന്നോ, ഫീൽഡ് ആഫീസർമാരുടേയോ, ജൂണിയർ ഫീൽഡ് ആഫീസർമാരുടേയോ ആഫീസുകളിൽനിന്നോ ഈ പദ്ധതിയുടെ നിർദ്ദിഷ്ട അപേക്ഷാഫാറവും നിബന്ധനകളടങ്ങിയ ലഘുലേഖയും സൗജന്യമായി ലഭിക്കും.

ഓരോ വർഷവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അപേക്ഷാഫാറത്തിന്റെ രണ്ടു പ്രതികൾ പൂരിപ്പിച്ച് സഹായധനത്തിനപേക്ഷിക്കുന്ന സ്ഥലത്തിന്റെ ശരിയായ സർവ്വേപ്ലാനിന്റെ രണ്ടു പ്രതികൾ സഹിതം അതാതു റീജിയണൽ ആഫീസുകളിലേക്ക് അയയ്ക്കണം. റീജിയണൽ ആഫീസുകളിൽ അപേക്ഷകൾ രജിസ്റ്റർ ചെയ്തശേഷം തോട്ടം പരിശോധിച്ച് പെർമിററുകൾ നൽകും.

## റബർ കൃഷി—
## ചില പ്രസക്ത വിവരങ്ങൾ

### ഇട അകലം

നിരപ്പായ സ്ഥലങ്ങളിൽ തൈകൾ നടുന്നതിന് 16'x16' അല്ലെങ്കിൽ 15'x15' ഇട അകലം സ്വീകരിക്കാം. എന്നാൽ ചരിവുള്ള



സ്ഥലങ്ങളിൽ 22'x11' അല്ലെങ്കിൽ 20'x10' അകലം നൽകാവുന്നതാണ്.

## മണ്ണൊലിപ്പനിവാരണം

ചരിവുകൂടിയ സ്ഥലങ്ങളിൽ റബർ നടുമ്പോൾ മണ്ണൊലിപ്പ നിവാരണത്തിനു വേണ്ട നടപടികളെടുത്തിരിക്കണം. ഇതിനായി സമവിതാന രേഖകൾ (കോണ്ടൂർ) അടയാളപ്പെടുത്തി നിരപ്പുതട്ടുകൾ തയ്യാറാക്കുന്ന രീതിയാണ് പരക്കെ സ്വീകാര്യമായത്.

## കുഴിയെടുക്കൽ

റബർ നടുന്നതിന് $2\frac{1}{2}$ അടി സമചതുരത്തിലും $2\frac{1}{2}$ അടി ആഴത്തിലുമുള്ള കുഴികളാണെടുക്കേണ്ടത്. കാലവർഷാരംഭത്തോടെ കുഴികളെടുത്ത്, ഒന്നു രണ്ടാഴ്ച കഴിഞ്ഞ് ചുററുപാടുനിന്നും മേൽമണ്ണ് കിളച്ചെടുത്തു കുഴികൾ മൂടണം.

## നടീൽവസ്തുക്കൾ

ആർ. ആർ. ഐ. ഐ—105, ആർ. ആർ. ഐ. എം—600, ജി. ടി—1 എന്നീ ക്ലോണുകളുടെ ബഡ്ഡു തൈകളാണു റബർ കൃഷിക്കായി റബർ ബോർഡു നിർദ്ദേശിക്കുന്ന നടീൽ വസ്തുക്കളിൽ മെച്ചപ്പെട്ടവ.


റബർ തൈകൾ കർഷകർ സ്വന്തം നഴ്സറികളിൽ നട്ടുവളർത്തി ഉപയോഗിക്കാം. അല്ലെങ്കിൽ റബർ ബോർഡിൽ നിന്നോ, ബോർഡ് അംഗീകാരം നൽകിയിട്ടുള്ള സ്വകാര്യ നഴ്സറികളിൽ നിന്നോ സംഭരിക്കാവുന്നതാണ്.

## പോളിത്തീൻകൂട തൈകൾ

കൃഷി ചെയ്യുന്നതിന് നാലഞ്ചു മാസങ്ങൾക്കു മുമ്പ് ഗ്രീൻ ബഡ്ഡ് ചെയ്ത തൈകൾ പോളിത്തീൻ കൂടകളിൽ കൃഷിസ്ഥലത്തിനു സമീപം തന്നെ വളർത്തിയെടുത്ത് രണ്ടു മൂന്നു തട്ട് ഇലകൾ വന്നതിനുശേഷം കൃഷിസ്ഥലത്തൊരുക്കിയ കുഴികളിലേക്കു മാററി നട്ടാൽ റബറിന്റെ അപക്വ കാലഘട്ടം ഗണ്യമായി കുറയ്ക്കാമെന്നു കണ്ടിട്ടുണ്ട്.

ഒരുപോലെ വളർച്ചയുള്ള തൈകൾ തന്നെ തെരഞ്ഞെടുത്തു നടുന്നതിന് ഈ രീതി സഹായകമാണ്. തന്നെയല്ല നടുന്ന മുഴുവൻ

തൈകളും പിടിച്ചുകിട്ടുമെന്നുള്ളതുകൊണ്ടു് ഇടപോക്കേണ്ട ആവശ്യവും ഉണ്ടാവുകയില്ല. ബ്രൗൺ ബഡ്ഡുതൈകളാകട്ടെ ഒരു വർഷം മുമ്പേ തന്നെവലിയ കൂടകളിൽ പിടിപ്പിച്ചെടുത്തു പിന്നീടു് നടാവുന്നതാണു്.



## നടീൽ

കാലവർഷാരംഭത്തോടെയാണു് തൈകൾ നടേണ്ടതു്. കുഴിയുടെ മദ്ധ്യഭാഗത്തുനിന്നു് അല്പം മണ്ണു് മാററിയശേഷം ഒരു പാര ഉപയോഗിച്ചു് ആവശ്യമുള്ള ആഴത്തിൽ കുത്തി ഇറക്കിയുണ്ടാക്കിയ കുഴിയിൽ തൈ നടുന്നതാണു് ഉത്തമം.

തൈ നടുമ്പോൾ തായ്‌വേരിന്റെ അഗ്രം കുഴിയുടെ അടിത്തട്ടിൽ തൊട്ടിരിക്കാൻ ശ്രദ്ധിക്കണം. പിന്നീടു് തായ്‌വേരിനു ചുററും മണ്ണിട്ടു ബലമായി ചവുട്ടി ഉറപ്പിക്കുക. കമ്പിപ്പാരയുപയോഗിച്ചു തൈയുടെ ചുററുമുള്ള മണ്ണു് തിക്കി അടുപ്പിച്ചു് ഉറപ്പിക്കേണ്ടതാവശ്യമാണു്.

## അസ്ഥാനത്തുള്ള ശിഖരങ്ങൾ മുറിക്കൽ

ബഡ്ഡു്തൈകൾ തോട്ടത്തിൽ നട്ടുകഴിഞ്ഞു മൂന്നു നാലു് ആഴ്ചകൾകൊണ്ടു് മുളച്ചു തുടങ്ങും. ചിലപ്പോൾ ബഡ്ഡു് കിളിർക്കുന്ന

തിനു പകരം തായ്ചെടിയിൽനിന്നും മുളകൾ പൊടിച്ചു വരാറുണ്ട്. ഇവയെല്ലാം ഉടനടൻ നീക്കം ചെയ്യേണ്ടതാണ്. ബഡ്ഡ് കണ്ണുകളിൽനിന്നുള്ള കിളിർപ്പു മാത്രമേ വളരുവാൻ അനുവദിക്കാവൂ. ചിലപ്പോൾ ബഡ്ഡ് കണ്ണുകളിൽനിന്നും ഒന്നിലധികം കിളിർപ്പുകൾ വരാറുണ്ട്. അവയിൽ ഏററവും ഊർജ്ജസ്വലമായ ഒരെണ്ണം നിത്തി ബാക്കിയുള്ളവ മുറിച്ചു മാററുക. വളർന്നു വരുന്ന തൈകളിൽ അസ്ഥാനത്തുണ്ടാകുന്ന ശിഖരങ്ങൾ ഛേദിച്ചുകളയണം. ഏകദേശം 2½ മീറററിൽ കൂടുതൽ ഉയരത്തിൽ നിന്നുണ്ടാവുന്ന ശിഖരങ്ങൾ മാത്രമെ വളരാൻ അനുവദിക്കാവൂ.

## ഇടപോക്കൽ

തൈകൾ നട്ടുകഴിഞ്ഞാൽ കേടുവന്നവ പറിച്ചു മാററി ആദ്യവർഷം തന്നെ ഇടപോക്കുന്നതായിരിക്കും നല്ലതു്. ആവശ്യമെന്നു കണ്ടാൽ രണ്ടാം വർഷവും ഇടപോക്കേണ്ടതാണ്. നിശ്ചിത എണ്ണം തൈകൾ പിടിച്ചു കഴിഞ്ഞാൽ പിൽക്കാലങ്ങളിൽ ഇടപോക്കേണ്ട ആവശ്യമില്ല.

## ഇടകൃഷി

കൃഷിസ്ഥലത്തിന്റെ ദൗർലഭ്യവും, സാമ്പത്തിക നേട്ടവും കണക്കിലെടുത്തു് ആദ്യത്തെ രണ്ടു മൂന്നു വർഷത്തേക്കു് ഇടകൃഷി ചെയ്യാൻ ചെറുകിട കർഷകരെ അനുവദിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയമായ റബർ കൃഷിയിൽ ഇടകൃഷിക്കു് ഒട്ടും സ്ഥാനമില്ല. ഇടകൃഷിമൂലം മണ്ണിനുണ്ടാകുന്ന പോഷകാഹാര നഷ്ടം റബറിന്റെ വളർച്ചയേയും ഉത്പാദന ക്ഷമതയേയും പ്രതികൂലമായി ബാധിക്കുമെന്നതുകൊണ്ടു് ഇടകൃഷികൾ കഴിയുന്നത്ര ഒഴിവാക്കാൻ ശ്രമിക്കണം.

## ആവരണവിള

റബർ തൈകൾ നടുന്നതോടൊപ്പമോ, അതിനു മുൻപോ റബർ കൃഷിചെയ്യുന്ന സ്ഥലത്തു തോട്ടപ്പയർ വെച്ചു പിടിപ്പിക്കേണ്ടതാവശ്യമാണ്. മണ്ണിലെ ജലാംശം നഷ്ടമാകാതെ സൂക്ഷിക്കുന്നതിനും അന്തരീക്ഷത്തിലെ പാക്യജനകം ചെടികൾക്കു് ലഭ്യമാകുന്ന വിധം സംഭരിക്കുന്നതിനും, മണ്ണിന്റെ ഘടനയും ഫലപുഷ്ടിയും മെച്ചപ്പെടുത്തി മണ്ണൊലിപ്പു തടയുന്നതിനും, തോട്ടപ്പയറിനു കഴിവു

ണ്ട്. പ്യൂറേറിയ എന്നയിനം തോട്ടപ്പയറാണ് റബ്ബറിനിടയ്ക്കു വളർത്താൻ ഏററവും യോജിച്ചത്.


ഇതിൻെറ വിത്തു് സൗജന്യ നിരക്കിൽ റബർബോർഡ് റീജിയണൽ ആഫീസുകളിൽനിന്നു് ലഭിക്കും.

## വെയിലടിക്ക് പ്രതിവിധി

ബഡ്ഡുതൈകൾ അവയുടെ ബഡ്ഡുചെയ്തഭാഗം വടക്കോട്ടോ, വടക്ക—കിഴക്കോട്ടോ, കിഴക്കോട്ടോ അഭിമുഖമായിരിക്കത്തക്കവണ്ണം നടണം. തെക്കൻവെയിൽ ബഡ്ഡുകണ്ണുകളിൽ ഏൽക്കാതിരിക്കാനാണിങ്ങനെ ചെയ്യുന്നതു്.

ശക്തിയായ വെയിലിൽ നിന്നു് ഇളം തൈകൾക്ക് സംരക്ഷണം നൽകാനായി ഈററയോ, മെടഞ്ഞ തെങ്ങോലയോ കൊണ്ടുണ്ടാക്കിയ കുടകൾ ഉപയോഗിക്കണം.





വേനൽക്കാലത്തു് റബർ തൈകളുടെ ചുവട്ടിൽ ഉണങ്ങിയ ഇലകളോ ഇലയോടു കൂടിയ ചെറുശിഖരങ്ങളോ ആഫ്രിക്കൻ പായലോ ഉപയോഗിച്ചു് ചവറു വയ്ക്കുന്നതു് മണ്ണിലെ ഈർപ്പം നിലനിർത്താനും തൈകളുടെ ചുവടു് ചൂടടിച്ചുണങ്ങാതിരിക്കാനും സഹായകമാണു്. രണ്ടാംവർഷം മുതൽ ചെടികൾക്കു് വേനൽക്കാലാരംഭത്തോടെ വെള്ള പൂശണം. വെള്ള പൂശുന്നതിനു് ചുണ്ണാമ്പു ലായനിയിൽ തുരിശു ചേർക്കേണ്ട ആവശ്യമില്ല.

## ക്രമമായി വളം പ്രയോഗിക്കണം

ചെറിയ തൈകൾ നട്ടതിനുശേഷം ശരിയായ തോതിൽ വളം ചെയ്യുകയാണെങ്കിൽ തൈകൾ ഊർജ്ജസ്വലമായി വളരുകയും ഒന്നു രണ്ടു വർഷത്തിനു മുൻപേതന്നെ വിളവെടുക്കാൻ തക്ക വണ്ണമെത്തുകയും ചെയ്യും.

തൈകൾ നടുമ്പോൾ ഓരോകുഴിയിലും കമ്പോസ്റ്റോ അല്ലെങ്കിൽ അഴുകിപ്പൊടിഞ്ഞ ചാണകമോ 12 കിലോഗ്രാമും മുസ്സോറി റോക്ക് ഫോസ്ഫേററ് 175 ഗ്രാമും ചേർക്കേണ്ടതാണ്.

റബർ തൈകൾക്ക് ആദ്യത്തെ നാലു വർഷത്തേക്ക് എൻ. പി. കെ. എം. ജി. 10:10:4:1.5 എന്ന വളമിശ്രം താഴെക്കാണുന്ന ക്രമത്തിൽ ചേർക്കേണ്ടതാണ്.

## ആദ്യത്തെ നാലുവർഷം

| വർഷം | പ്രായം | വളംചേർക്കേണ്ട സമയം | ചെടിയൊന്നിന് (ഗ്രാം) |
|---|---|---|---|
| 1–ാം വഷം | 3 മാസം | സെപ്റ്റംബർ–ഒക്ടോബർ | 225 |
| 2–ാം വഷം | 9 മാസം | ഏപ്രിൽ–മേയ് | 450 |
| 2–ാം വഷം | 15 മാസം | സെപ്റ്റംബർ–ഒക്ടോബർ | 450 |
| 3–ാം വഷം | 21 മാസം | ഏപ്രിൽ–മേയ് | 550 |
| 3–ാം വഷം | 27 മാസം | സെപ്റ്റംബർ–ഒക്ടോബർ | 550 |
| 4–ാം വഷം | 33 മാസം | ഏപ്രിൽ–മേയ് | 450 |
| 4–ാം വഷം | 39 മാസം | സെപ്റ്റംബർ–ഒക്ടോബർ | 450 |

റബറിന്റെ ഇലകൾ വളന്ന് മൂടുന്നതുവരെ ചെടിയുടെ ചുവട്ടിൽ വലയങ്ങളായി വളം ചേർക്കാം. ആവശ്യമായ അകലത്തിൽ വളം നിരത്തിയിട്ടശേഷം മേൽമണ്ണുമായി ഇളക്കി ചേർക്കേണ്ടതാണ്. തൈകളുടെ ചുവട്ടിൽ ചവറു വയ്ക്കുമ്പോൾ വളം മണ്ണിൽ പരത്തിയിട്ടശേഷം അതിനു മീതെ ചവറു നിരത്തുന്നതാണ് നല്ലതു്.

ഇലകൾ വളർന്നുമൂടിയാൽ നാലു മരങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സമചതുരമോ ദീർഘചതുരമോ ആയ ഖണ്ഡങ്ങളിലായി റബർ നിരകളുടെ ഇടയ്ക്ക് വളം നിരത്തിയിടണം.

## അഞ്ചാംവർഷം മുതൽ വിളവെടുപ്പു വരെ

ആദ്യം മുതൽക്കുതന്നെ തൈച്ചുവട്ടിൽ ചവറുവെയ്പു നടത്തിയിട്ടുള്ളതും ആവരണവിള കൃഷിചെയ്തിട്ടുള്ളതുമായ തോട്ടങ്ങളിൽ അഞ്ചാംവർഷം മുതൽ 12:12:12 എന്ന അനുപാതത്തിലുള്ള വളമിശ്രിതമാണ് ചേർക്കേണ്ടതു്. ഇതു് ഹെക്ടറിനു് 250 കിലോഗ്രാം

എന്ന തോതിൽ ഏപ്രിൽ–മെയ്, സെപ്റ്റംബർ–ഒക്ടോബർ എന്നീ കാലങ്ങളിൽ രണ്ടു തുല്യ ഗഡുക്കളായി നൽകണം.

ആദ്യവർഷങ്ങളിൽ ചവറു വെയ്പും ആവരണവിളയും ഇല്ലാതിരുന്ന തോട്ടങ്ങളിൽ അഞ്ചാം വർഷം മുതൽ 15:10:6 എന്ന എൻ. പി. കെ. മിശ്രിതം ഹെക്ടർ പ്രതി 400 കിലോ ഗ്രാം രണ്ടു തുല്യ ഗഡുക്കളായി ചേർക്കണം.

## വിളവെടുപ്പിനുശേഷം

ടാപ്പിംഗ് ആരംഭിച്ചാൽ മരങ്ങൾക്ക് എൻ. പി. കെ. 10:10:10 എന്ന മിശ്രിതമാണ് നൽകേണ്ടത്. ഇത് മരമൊന്നിന് പ്രതി വർഷം 900 ഗ്രാം എന്ന തോതിൽ കാലവർഷാരംഭത്തോടെ ഒററത്തവണയായി നൽകിയാൽ മതി.

കുഴികൾ തോണ്ടിയോ ആഴമുള്ള ചാലുകൾ കീറിയോ ഒരിക്കലും വളം ഇടരുത്. റബർ ചെടിയുടെ വളം വലിച്ചെടുക്കുന്ന വേരുകൾ കൂടുതലും മേൽമണ്ണിലാകയാൽ ആഴത്തിലിടുന്ന വളം അവയ്ക്കു പൂർണ്ണമായി ലഭ്യമാകുന്നില്ല. മാത്രമല്ല ചാലുകൾ കീറുമ്പോഴും കുഴിയെടുക്കുമ്പോഴുമെല്ലാം റബറിന്റെ വേരുകൾ വളരെയധികം മുറിഞ്ഞുപോകുകയും ചെയ്യും.

## രോഗപ്രതിരോധം

കാലവർഷക്കാലത്ത് റബറിനെ ബാധിക്കുന്ന അകാലിക ഇലപൊഴിച്ചിൽ, കുമ്പ് ചീയൽ എന്നീ രോഗങ്ങൾ തടയാൻ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രം തളിക്കണം. മൂന്നു വർഷം വരെ പ്രായമുള്ള തൈകൾക്ക് രോഗപ്രതിരോധാർത്ഥം ഒന്നിലധികം തവണ മരുന്ന് തളിക്കേണ്ടിവരും. തളിരിലകളിൽ പററിപ്പിടിക്കുന്നതിന് 'സാൻഡോവിററ്', 'ടെനാക്' എന്നീ വസ്തുക്കളിൽ ഏതെങ്കിലും ഒന്നു മിശ്രത്തോടൊപ്പം ചേർക്കുന്നത് നന്നായിരിക്കും.


മിശ്രം തളിക്കുമ്പോൾ അത് ഇലയുടെ രണ്ടു വശത്തും ഇലഞെട്ടിലും ഇലത്തണ്ടിലും ശരിയായി പതിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ബോർഡോമിശ്രം തയ്യാറാക്കുന്ന രീതി

ഒരു കിലോഗ്രാം തുരിശ് 50 ലിററർ വെള്ളത്തിൽ ലയിപ്പിക്കുക. ഒരു കിലോഗ്രാം, ചുട്ടകക്ക ആവശ്യമായത്ര ചൂടുവെള്ളം തളിച്ച് നീററിയശേഷം കൂടുതൽ വെള്ളം ചേർത്തു 50 ലിറററാക്കണം. പിന്നീട് ഈ രണ്ടു ലായനികളും കൂട്ടിച്ചേർക്കണം. അതി



നായി തുരിശ്ശുലായനി ചുണ്ണാമ്പുലായനിയിലേക്ക് ഒഴിക്കുകയാണ് വേണ്ടത്. അപ്പോഠം മിശ്രം നല്ലതുപോലെ ഇളക്കിക്കൊണ്ടിരിക്കണം. ലായനികഠം കൂട്ടിച്ചേർക്കുന്നതിനു മുൻപ് അവ അരിച്ചെടുക്കുന്നതു് നന്നായിരിക്കും. ബോർഡോ മിശ്രം തയ്യാറാക്കുന്നതിനു് ചെമ്പ്, പിച്ചള, മരം, മണ്ണ് ഇവയിൽ ഏതെങ്കിലുംകൊണ്ട് നിർമ്മിച്ച പാത്രങ്ങളേ ഉപയോഗിക്കാവൂ. മറേറതെങ്കിലും പാത്രങ്ങളാണുപയോഗിക്കുന്നതെങ്കിൽ അവയുടെ ഉഠംവ



ശത്തു് പെയിൻറ് അടിക്കേണ്ടതാണു്. ബോർഡോമിശ്രം തയ്യാറാക്കുന്ന ദിവസംതന്നെ അതുപയോഗിക്കാൻ ശ്രദ്ധിക്കണം.

## പിങ്കു രോഗം

റബർ മരങ്ങളുടെ പട്ടയെ ബാധിക്കുന്ന ഒരു പ്രധാന രോഗമാണു് ''പിങ്ക രോഗം''. എല്ലാ പ്രായത്തിലുള്ള ചെടികൾക്കും ഈ രോഗം പിടിപെടുമെങ്കിലും രണ്ടുമുതൽ പന്ത്രണ്ടു വർഷം വരെ പ്രായമുള്ള മരങ്ങളിലാണു് രോഗബാധമൂലം ഏററവും അധികം നാശനഷ്ടങ്ങൾ സംഭവിക്കുന്നതു്.

റബർ മരങ്ങളുടെ കവര ഭാഗങ്ങളിലാണു് പിങ്കരോഗം അധികമായി പ്രത്യക്ഷപ്പെടാറുള്ളതു്. രോഗം ബാധിച്ച ഭാഗങ്ങളിൽ പിങ്കനിറത്തിലോ വെള്ളനിറത്തിലോ ചിലന്തി വലപോലുള്ള പൂപ്പൽ കാണാം. കേടുവന്ന ഭാഗത്തുനിന്നു റബർകറ ഒലിച്ചിറങ്ങുകയും പട്ട അഴുകുകയും വിണ്ടുകീറുകയും ചെയ്യും. തുടർന്നു് ശിഖരങ്ങളും ഇലകളും ഉണങ്ങും.

അകാലിക ഇലപൊഴിച്ചിലിനെതിരെ മരുന്നുതളി നടത്തുമ്പോൾ കമ്പുകളിലും കവരഭാഗങ്ങളിലും ബോർഡോ മിശ്രം തളിക്കുന്നതു പിങ്കരോഗബാധ തടയാൻകൂടി സഹായകമാകും. രോഗബാധയുടെ ആരംഭദശയിൽ രോഗം ബാധിച്ച ഭാഗത്തും അതിനു് ഒരടിമുകളിലും താഴെയും ബോർഡോ കുഴമ്പു് പുരട്ടുകയാണു് വേണ്ടതു്. ആദ്യമായി ബോർഡോ കുഴമ്പു് പുരട്ടുകയും അതുണങ്ങിയതിനുശേഷം കേടുവന്ന പട്ട ചുരണ്ടി മാററി വീണ്ടും ബോർഡോ കുഴമ്പു് പുരട്ടണം.

ബോർഡോ കുഴമ്പുണ്ടാക്കുന്നതിനു് ഒരു കിലോഗ്രാം തുരിശു് 5 ലിററർ വെള്ളത്തിലും ഒരു കിലോഗ്രാം ചുടുകക്കാ 5 ലിററർ വെള്ളത്തിലും ലയിപ്പിച്ചു് ഈ രണ്ടു ലായനികളും കൂട്ടിക്കലർത്തിയാൽ മതി.

## ടാപ്പിംഗ്

ബഡ്ഡുമരങ്ങൾക്കു് 125 സെ.മീററർ(50 ഇഞ്ചു്) ഉയരത്തിൽ 50 സെ.മീറററും (20ഇഞ്ചു്) ബീജമരങ്ങൾക്കു് 50 സെ.മീററർ (20 ഇഞ്ചു്) ഉയരത്തിൽ 55 സെ.മീറററും ( 22 ഇഞ്ചു് ) വണ്ണമെത്തുമ്പോൾ ടാപ്പിംഗ് ആരംഭിക്കാവുന്നതാണു്. ബഡ്ഡുമരങ്ങൾക്കു് 30 ഡിഗ്രി ചരിവിലും ബീജമരങ്ങൾക്കു് 25 ഡിഗ്രി ചരിവിലുമാണു് വെട്ടുചാലുകൾ അടയാളപ്പെടുത്തേണ്ടതു്. 'ടെംപ്ലേററു്' എന്ന ഉപകരണത്തിൻെറ സഹായത്താൽ ശരിയായ ചരിവിൽ വെട്ടുചാലുകൾ അടയാളപ്പെടുത്താവുന്നതാണു്.



ബഡ്ഡുമരങ്ങൾ ഒന്നിടവിട്ട ദിവസം ടാപ്പു ചെയ്യാം. എന്നാൽ ബീജമരങ്ങൾ മൂന്നു ദിവസത്തിലൊരിക്കൽ മാത്രമേ ടാപ്പു ചെയ്യാവൂ. ടാപ്പിംഗിനെ സംബന്ധിച്ച് കർഷകർക്കും ടാപ്പർമാർക്കും വിദഗ്ദ്ധോപദേശം നൽകാൻ ബോർഡിന്റെ റീജിയണൽ ഓഫീസുകളിലെല്ലാം ടാപ്പിംഗ് ഡെമോൺസ്ട്രേറ്റർമാരുണ്ട്. റബർ ബോർഡിലെ എല്ലാ സാങ്കേതികോദ്യോഗസ്ഥന്മാരുടേയും സേവനം തികച്ചും സൗജന്യമാണ്.

റബർ ബോർഡിന്റെ വികസനപദ്ധതികളനുസരിച്ചുള്ള ആനുകൂല്യങ്ങളും മറ്റു സേവനങ്ങളും കർഷകർക്കു ലഭ്യമാക്കുന്നതിനുള്ള ചുമ



തല അതാതു പ്രദേശത്തെ റീജിയണൽ ഓഫീസുകൾക്കാണ്. ഇതു സംബന്ധിച്ച എല്ലാ ഉത്തരവാദിത്വങ്ങളും റീജിയണൽ ഓഫീസിന്റെ ചാർജ്ജു വഹിക്കുന്ന ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. ആയതിനാൽ കർഷകർ തങ്ങൾക്കാവശ്യമായ സേവനങ്ങൾക്കുവേണ്ടി സാധാരണഗതിയിൽ പ്രസ്തുത ഉദ്യോഗസ്ഥനെ സമീപിച്ചാൽ മതിയാകും. എന്നാൽ ഏതെങ്കിലും കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടെങ്കിൽ റബർ പ്രൊഡക്ഷൻ കമ്മീഷണർ, റബർ ബോർഡ്, കോട്ടയം 1 എന്ന വിലാസത്തിൽ എഴുതി അറിയിക്കാവുന്നതാണ്.

- ശാസ്ത്രീയ റബർ കൃഷിയുടെ വിവിധ വശങ്ങൾ വിവരിക്കുന്ന സചിത്ര ലേഖനങ്ങൾ
- ഓരോ മാസവും റബർ തോട്ടത്തിൽ നിർവ്വഹിക്കേണ്ട കൃഷിപ്പണികൾ
- റബർ ബോർഡിൻെറ സുപ്രധാന വിജ്ഞാപനങ്ങൾ
- റബർ കൃഷി വികസനപദ്ധതിയെക്കുറിച്ചുള്ള അറിയിപ്പുകൾ
- അനുകരണീയരായ റബർ കർഷകരുടെ വിജയ കഥകൾ
- കർഷകരുടെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ

എന്നിങ്ങനെ റബർ കർഷകർ അവശ്യം അറിഞ്ഞിരിക്കേണ്ട സർവ്വ വിവരങ്ങളും ലളിതമായ മലയാളത്തിൽ പ്രതിപാദിക്കുന്നതും 1965 മുതൽ റബർ ബോർഡ് പ്രസിദ്ധീകരിച്ചു വരുന്നതുമായ മലയാള മാസികയാണ്

# റബർ

## വാർഷിക വരിസംഖ്യ 5ക.

വരിസംഖ്യ മുൻകൂറായി സെക്രട്ടറി, റബർബോർഡ്, കോട്ടയം—1 എന്ന മേൽവിലാസത്തിലടച്ച് ഉടൻ തന്നെ വരിക്കാരാകുക.

# റബ്ബർ ബോർഡ്
# റീജിയണൽ ആഫീസുകൾ

| | | ഫോൺ |
|---|---|---|
| 1 | പാർവ്വതിപുരം<br>നാഗർകോവിൽ–3 | 2631 |
| 2 | പട്ടം, തിരുവനന്തപുരം–4 | 67593 |
| 3 | ഹോസ്പിറ്റൽ ജംഗ്ഷൻ, പുനലൂർ | 16 |
| 4 | പത്തനംതിട്ട | 370 |
| 5 | ടെമ്പിൾ റോഡ്, കോട്ടയം–1 | 5465 |
| 6 | ടി. ബി. റോഡ്, പാലാ | 407 |
| 7 | കാഞ്ഞിരപ്പള്ളി | 261 |
| 8 | എം. സി. റോഡ്, മൂവാറ്റുപുഴ | 2387 |
| 9 | പാലാ റോഡ്, തൊടുപുഴ | 310 |
| 10 | റിപ്പീറ്റർ സ്റ്റേഷൻ റോഡ്<br>എറണാകുളം, കൊച്ചിൻ–16 | 39523 |
| 11 | കോർട്ട് റോഡ്<br>പാലക്കാട്–1 | 3602 |
| 12 | വയനാട് റോഡ്<br>കോഴിക്കോട്–1 | 73006 |
| 13 | ലോഗൻസ് റോഡ്<br>തലശ്ശേരി–1 | 1420 |
| 14 | തളിപ്പറമ്പ് | 437 |
| 15 | ഭാരത് ബിൽഡിംഗ്സ്<br>മംഗലാപുരം–1 | 21229 |
| 16 | പാലസ് കോമ്പൗണ്ട്<br>അഗർത്തല, ത്രിപുര | 1787 |
| 17 | രേഹബാരി, ഗൗഹാട്ടി–8 | |

---

കത്തിടപാടുകൾ ഡപ്യൂട്ടി ഡവലപ്പ്മെൻറ് ആഫീസർ, റബ്ബർ ബോർഡ് റീജിയണൽ ആഫീസ് എന്ന മേൽവിലാസത്തിലായിരിക്കണം.

38


PUBLISHED BY

THE RUBBER BOARD

P. B. NO. 280

SASTRI ROAD

KOTTAYAM - 686 001

Archana Printers, Kottayam-2, Phone: 4095 March 1982